# നാളികേര-നീര ബോർഡ് രൂപവത്കരിച്ചു

തിരുവനന്തപുരം: തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്താനുള്ള സാഹചര്യം സൃഷ്ടിക്കാൻ കർഷക സഹകരണസംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിൻെറ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യാനുള്ള സാഹചര്യം ഒരുക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി നാളികേര-നീര ബോർഡ് രൂപവത്കരിച്ച് ഉത്തരവായി. കാർഷികോൽപാദന കമീഷണറാണ് ചെയർമാൻ. എക്സൈസ് കമീഷണർ ചീഫ് എക്സി. ഓഫിസറായിരിക്കും.